റെയിൽ യാത്രക്കൂലി ചരക്കുകൂലി വർദ്ധനവ്

15 (6160) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽ യാത്രക്കൂലിയും ചരക്കുകൂലിയും കുത്തനെ കൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വർദ്ധനവ് ജനജീവിതത്തെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുമൂലമുണ്ടാകുന്ന ജീവിതഭാരം ലഘൂകരിക്കുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രെയിൻ യാത്രാക്കൂലിയിൽ 14.2 ശതമാനവും ചരക്ക് കൂലിയിൽ 6.5 ശതമാനവും ജൂൺ മാസം 25 മുതൽ കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിച്ചതായി വാർത്താമാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിന്റെ ഫലമായി സ്വാഭാവികമായും യാത്രക്കാർക്ക് ഉണ്ടാവുന്ന അധിക സാമ്പത്തിക ബുദ്ധിമുട്ടിനുപുറമെ അവശ്യസാധനങ്ങളുടെ വില ഉയരുന്നതുമൂലമുണ്ടാകുന്ന ജീവിതക്ലേശവും കൂടുതൽ ശ്രമകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുമാത്രമായി യാതൊരു നടപടികളും സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവരുടെ വിദേശയാത്ര

16 (6161) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവരിൽ ആരെല്ലാം നടത്തിയ ഏതെല്ലാം വിദേശയാത്രകളുടെ കണക്കുകൾ തീർപ്പാക്കുകയുണ്ടായിട്ടില്ലെന്ന് വെളിപ്പെടുത്താമോ ;

(ബി) വിദേശയാത്രയ്ക്ക് അഡ്വാൻസ് വാങ്ങിയ തുകയിൽ ബാലൻസ് തിരിച്ചടച്ചിട്ടില്ലാത്ത ആരെങ്കിലും ഉണ്ടോ ; എങ്കിൽ ആരൊക്കെ ; എത്ര തുക വീതം തിരികെ നൽകേണ്ടതായിട്ടുണ്ട് ;

(സി) ഓരോ യാത്രയിലും ഓരോ മന്ത്രിമാരും എത്രമാത്രം ഇന്ത്യൻ രൂപയ്ക്കുള്ള ഡോളർ വാങ്ങുകയുണ്ടായി ; ഇതിൽ ഓരോ യാത്രാവേളയിലും ചെലവഴിക്കപ്പെട്ട ഡോളർ എത്ര ;

(ഡി) ഗവ. ചീഫ് വിപ്പിന് വിദേശയാത്ര നടത്തിയ ഇനത്തിൽ ഖജനാവിൽ നിന്ന് ചെലവഴിക്കേണ്ടിവന്ന തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly